(ബി) പ്രധാനമായും ഔഷധകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളാണ് എടുത്തുവരുന്നത്. ഇതിന്റെ ഭാഗമായി ഔഷധസസ്യകൃഷി നടത്തുന്നതിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോധവൽക്കരണം, ഔഷധസസ്യ സംരക്ഷണം സംബന്ധിച്ച പ്രചരണം എന്നിവ നടത്തിവരുന്നു. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് ശുപാർശ ചെയ്യുന്ന പദ്ധതികൾ നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് പരിഗണിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ മരുന്ന് ഉത്പാദകർ, ഔഷധസസ്യ കൃഷിക്കാർ, ഔഷധസസ്യങ്ങൾ വിപണനം നടത്തുന്നവർ എന്നിവരെക്കുറിച്ചുള്ള വിവരം ശേഖരിക്കുകയും ഔഷധസസ്യ കൃഷിക്ക് ആവശ്യമായ ആസൂത്രണം നടത്തുന്നതിനുവേണ്ട ഡാറ്റാ ബാങ്ക് തയ്യാറാക്കാനും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് നടപടി എടുത്തുവരുന്നു.

ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ പുതിയ പദ്ധതികൾ

14 (*417) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ;

(ബി) ഇതിനായി എല്ലാ വകുപ്പിലേയും ജീവനക്കാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സീനിയോറിറ്റിക്ക് പകരം കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ&ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും അഞ്ചു വർഷത്തിലൊരിക്കലെങ്കിലും മാനേജ്മെന്റ് പരിശീലനം ലഭിക്കത്തക്കവിധത്തിലാണ് ഐ.എം.ജി.യും മറ്റ് പരിശീലന സ്ഥാപനങ്ങളും ട്രെയിനിംഗ് കോഴ്സുകൾ രൂപവത്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് പരിശീലന പരിപാടികൾ നടന്നുവരുന്നു. ഇപ്പോൾ എല്ലാ ജീവനക്കാർക്കും നൽകി വരുന്ന ഇ-ഗവർണൻസിനെ ആധാരമാക്കിയുള്ള പരിശീലന പരിപാടി സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടത്തപ്പെടുന്ന ഒരു അടിയന്തിര സംരംഭമാണ്.

(സി&ഡി) ഇതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly